# പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 4855** | **27.10.2016-ന് മറുപടിയ്ക്ക്**

## പാഠപുസ്തകങ്ങൾ യഥാസമയം വിതരണം ചെയ്യാതെ അദ്ധ്യയനവും പരീക്ഷകളും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി | പ്രൊഫ.സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് സ്കൂളുകളിൽ ഓണപരീക്ഷ നടത്തിയത് എല്ലാ വിദ്യാർത്ഥികൾക്കും പാഠപുസ്തകവും ലഭ്യമാക്കിയതിനു ശേഷമാണോ എന്നുളള വിശദാംശം അറിയിക്കുമോ; | (എ) 2016-17-ലെ ഒന്നാം വാല്യം പാഠപുസ്തക വിതരണത്തിനുശേഷം ഷോർട്ടേജ് ആയി ശ്രദ്ധയിൽപ്പെട്ട പാഠപുസ്തകങ്ങളുടെ അഡീഷണൽ റീ-പ്രിന്റ് ഓർഡർ കെ.ബി.പി.എസിന് നൽകുകയും കെ.ബി.പി.എസ്. അവ അച്ചടിച്ച് വിതരണം നടത്തുന്നതിനോടൊപ്പം റവന്യൂ ജില്ലകളിൽ അധികമുള്ളതും കുറവുള്ളതുമായ പാഠപുസ്തകങ്ങളുടെ കണക്ക് ശേഖരിച്ച് പാഠപുസ്തക ഓഫീസിലെ ഉദ്യോഗസ്ഥരുടെ നേരിട്ടുള്ള മേൽനോട്ടത്തിൽ അവ പുനഃക്രമീകരണം നടത്തിയതിലൂടെ ഓണപ്പരീക്ഷയ്ക്ക് മുമ്പേ പാഠപുസ്തക വിതരണം പൂർത്തിയാക്കുവാൻ സാധിച്ചിട്ടുണ്ട്. |
| (ബി) പാഠപുസ്തകങ്ങൾ ലഭിക്കാത്ത വിദ്യാർത്ഥികൾ ഏത് രീതിയിൽ പരീക്ഷയ്ക്ക് തയ്യാറെടുത്തുവെന്നാണ് വിലയിരുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | (ബി) പാഠപുസ്തകം ലഭിച്ചിട്ടില്ലെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടപ്പോൾ തന്നെ സമയോചിതമായ നടപടിയിലൂടെ വിദ്യാർത്ഥികൾക്ക് പാഠപുസ്തകം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതിനാൽ പാഠപുസ്തകത്തിന്റെ ലഭ്യതക്കുറവ് പരീക്ഷയെ ബാധിച്ചിട്ടില്ല. |
| (സി) പാഠപുസ്തകങ്ങൾ യഥാസമയം വിതരണം ചെയ്യാതെ അദ്ധ്യയനവും പരീക്ഷകളും നടത്തുന്നതിലൂടെ | (സി) പാഠപുസ്തകങ്ങൾ ലഭിച്ചിട്ടില്ലെന്ന പരാതികളുടെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസ ഉപഡയറക്ടർ, |

| | | | |
|---|---|---|---|
| | വിദ്യാർത്ഥികളുടെ പഠന നിലവാരം ശരിയായി വിലയിരുത്താൻ കഴിയുമോയെന്നുള്ള വിശദാംശം വെളിപ്പെടുത്താമോ ; | | ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ, പാഠപുസ്തക ഓഫീസിലെ ജീവനക്കാർ എന്നിവരുടെ കൂട്ടായ പരിശ്രമത്തിലൂടെ യഥാസമയം സ്കൂളുകൾക്ക് പാഠപുസ്തകങ്ങൾ എത്തിച്ചുകൊടുക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. |
| (ഡി) | പാഠപുസ്തകങ്ങൾ ലഭിക്കാതെ പരീക്ഷ എഴുതിയ വിദ്യാർത്ഥികളുടെ മൂല്യനിർണ്ണയവും പാഠപുസ്തകം പഠിച്ച് പരീക്ഷ എഴുതുന്നവരുടെ മൂല്യനിർണ്ണയവും ഒരേ രീതിയിൽ നടത്തുന്നത് ശരിയാണെന്ന് കരുതുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ഡി) | പാഠപുസ്തകങ്ങളുടെ ഷോർട്ടേജ് പരിഹരിക്കുന്നതിനായി വിദ്യാഭ്യാസ ഉപഡയറക്ടർ, ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ എന്നിവരടക്കം പാഠപുസ്തക ഓഫീസിലെ ജീവനക്കാരും ഒരുപോലെ പരിശ്രമിച്ചതിന്റെ ഫലമായി ഓണപ്പരീക്ഷയ്ക്ക് മുമ്പേ തന്നെ പാഠപുസ്തകങ്ങൾ സ്കൂളുകളിൽ എത്തിക്കാനായിട്ടുണ്ട്. പാഠപുസ്തകം ല്യമാകാതെ പരീക്ഷ എഴുതാൻ ബുദ്ധിമുട്ടി എന്നത് സംബന്ധിച്ച പരാതികളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) | പാഠപുസ്തകങ്ങൾ യഥാസമയം വിതരണം നടത്താത്തതിലൂടെ വിദ്യാഭ്യാസ അവകാശ നിയമം ഏതെങ്കിലും രീതിയിൽ ലംഘിക്കപ്പെട്ടതായി കരുതുന്നുണ്ടെങ്കിൽ വിശദാംശം നൽകുമോ? | (ഇ) | പാഠപുസ്തകങ്ങൾക്ക് യഥാസമയം ഇൻഡന്റിംഗ് നൽകുന്നതിൽ ചില പിഴവുകൾ സംഭവിച്ചതുമൂലം പാഠപുസ്തക വിതരണത്തിൽ ചില പരാതികൾ ഉയർന്നുവന്നിരുന്നെങ്കിലും ശ്രദ്ധയിൽപ്പെട്ടിട്ടുള്ള പരാതികൾക്കെല്ലാം ഉടനടി പരിഹാരം കണ്ടെത്തുകയും അതുവഴി വിദ്യാഭ്യാസ അവകാശ നിയമം ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ